**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോർപ്പറേഷനുകളിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ വിവിധ പ്രശ്നങ്ങൾ പഠിക്കുന്നതിനും പ്രശ്ന പരിഹാരം നിർദ്ദേശിക്കുന്നതിനും കമ്മിറ്റി രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം. 2267/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 24.07.2015

==========================================================

പരാമർശം:- ബഹു. നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി, വിവിധ സംഘടനാ പ്രതിനിധികളുമായി കൂടിയ 23.06.2015-ലെ യോഗത്തിന്റെ നടപടി കുറിപ്പ്.

**<u>ഉത്തരവ്</u>**

കേരളത്തിലെ നഗരസഭ/കോർപ്പറേഷനുകളിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ ഇടയിൽ നിലനിൽക്കുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് വിവിധ സംഘടനാ പ്രതിനിധികൾ ഉന്നയിച്ച പ്രശ്നങ്ങൾ പഠിക്കുന്നതിനും പ്രശ്ന പരിഹാരം നിർദ്ദേശിക്കുന്നതിനും ചുവടെ ചേർത്തിരിക്കുന്ന ഉദ്യോഗസ്ഥർ അടങ്ങിയ കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) സെക്രട്ടറി, നഗരകാര്യ വകുപ്പ്
2) നഗരകാര്യ ഡയറക്ടർ
3) ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്

2. കമ്മിറ്റി, 2 മാസത്തിനുള്ളിൽ പ്രസ്തുത വിഷയങ്ങളിന്മേലുള്ള വിശദമായ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**

**ആർ. ഷാജീന്ദ്രൻ പിള്ള,**
**ജോയിന്റ് സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**